**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1157** **07-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളിലെ കാഴ്ചമറയ്ക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളിൽ കാഴ്ചമറയ്ക്കുന്നതും അപകടകരമായി നിൽക്കുന്നതുമായ മരങ്ങൾ നീക്കം ചെയ്യുന്നതിനായി അപേക്ഷ നൽകുന്നതിന് മാത്രമുള്ള പൊതുമരാമത്ത് വകുപ്പിന്റെ പരിമിതി മറികടക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | പൊതുമരാമത്ത് റോഡുകളിൽ കാഴ്ച മറയ്ക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ മൺസൂൺ കാലത്തിന് മുന്നോടിയായി വെട്ടിമാറ്റുന്നതിനുള്ള നടപടികളും റോഡിന്റെ വശങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനും യഥാസമയം തന്നെ നടപടി സ്വീകരിച്ചു വരുന്നു. അപകടകരമായി നിൽക്കുന്ന മരങ്ങൾ നിയമപ്രകാരം പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർക്ക് അടിയന്തരമായി മുറിച്ചു മാറ്റാവുന്നതാണ്. എന്നാൽ റോഡ് വികസനത്തിനായി മരം മുറിക്കുന്നത് വനം വകുപ്പിൽ നിന്നും അനുമതി ലഭിച്ചതിനു ശേഷം മാത്രമേ സാധിക്കുകയുള്ളൂ. |
| (ബി) | പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ നിൽക്കുന്ന മരങ്ങൾ മൂലമുണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് ബാധ്യതയുണ്ടോ ; ഉണ്ടെങ്കിൽ ഇതിന് അനുമതി നൽകുന്ന സമിതിയിൽ പൊതുമരാമത്ത് വകുപ്പിന് പ്രാതിനിധ്യമില്ലാതിരിക്കുന്നതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ; | (ബി) | പ്രകൃതിക്ഷോഭങ്ങൾ, ചുഴലി കൊടുങ്കാറ്റുകൾ എന്നിവ മൂലം പൊതുമരാമത്ത് അധീനതയിൽ ഉള്ള റോഡ് ഭാഗങ്ങളിലെ മരങ്ങൾ വീണ് ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് ബാധ്യതയില്ല. എന്നാൽ അപകടാവസ്ഥയിലുള്ള മരങ്ങൾ കൃത്യ സമയത്ത് മുറിച്ച് മാറ്റാത്തതു മൂലമുണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുവാൻ പൊതുമരാമത്ത് വകുപ്പിന് ബാധ്യതയുണ്ട്. മരം മുറിക്കുന്നതിന് അനുമതി നൽകുന്ന ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ് രൂപീകരിച്ചിട്ടുള്ള ട്രീ കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പിന് പ്രാതിനിധ്യം ഇല്ല. പ്രസ്തുത ട്രീ കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രാതിനിധ്യം ഉറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | റോഡുകളുടെ സൈറ്റ് ഡിസ്റ്റൻസ്, സെറ്റ്ബാക്ക് ഡിസ്റ്റൻസ് എന്നീ സാങ്കേതിക വശങ്ങൾ പരിശോധിച്ച് മരങ്ങളുടെ അപകടസാധ്യത പരിശോധിക്കുന്നതിന് സാങ്കേതിക പരിജ്ഞാനമുള്ള | (സി) | പ്രകൃതിക്ഷോഭങ്ങൾ, ചുഴലി കൊടുങ്കാറ്റുകൾ എന്നിവ മൂലം പൊതുമരാമത്ത് അധീനതയിൽ ഉള്ള റോഡ് ഭാഗങ്ങളിലെ മരങ്ങൾ വീണ് ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് |

| | | | |
|---|---|---|---|
| | പൊതുമരാമത്ത്, നാറ്റ്പാക് പ്രതിനിധികളെക്കൂടി ട്രീകമ്മിറ്റികളിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;വിശദമാക്കാമോ? | | പൊതുമരാമത്ത് വകുപ്പിന് ബാധ്യതയില്ല. എന്നാൽ അപകടാവസ്ഥയിലുള്ള മരങ്ങൾ കൃത്യ സമയത്ത് മുറിച്ച് മാറ്റാത്തതു മൂലമുണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുവാൻ പൊതുമരാമത്ത് വകുപ്പിന് ബാധ്യതയുണ്ട്. മരം മുറിക്കുന്നതിന് അനുമതി നൽകുന്ന ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ് രൂപീകരിച്ചിട്ടുള്ള ട്രീ കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പിന് പ്രാതിനിധ്യം ഇല്ല. പ്രസ്തുത ട്രീ കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രാതിനിധ്യം ഉറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ